# Telephone conversation between Prime Minister and President of Philippines

June 09, 2020

---

## പ്രധാനമന്ത്രിയും ഫിലിപ്പൈൻസ് പ്രസിഡന്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

**ജൂൺ** 09, 2020

പ്രധാനമന്ത്രി ഇന്ന് ഫിലിപ്പൈൻസ് പ്രസിഡണ്ട് റോഡ്രിഗോ ഡ്യൂറ്റെർട്ടിയുമായി ഇന്ന് ടെലിഫോൺ സംഭാഷണം സംഭാഷണം നടത്തുകയും കോവിഡ്-19 പകർച്ചവ്യാധി മൂലമുണ്ടാകുന്ന വെല്ലുവിളികളെ നേരിടുന്നതിനായി ഇരു സർക്കാരുകളും സ്വീകരിച്ച നടപടികളും ചർച്ച ചെയ്യുകയും ചെയ്തു.

നടന്നു കൊണ്ടിരിക്കുന്ന ആരോഗ്യ പ്രതിസന്ധിയിൽ പരസ്പരമുള്ള രാജ്യങ്ങളിൽ ഉള്ള മറ്റു രാജ്യത്തെ പൗരന്മാരുടെ ക്ഷേമം ഉൽപ്പാക്കുന്നതിനും അവരെ വീടുകളിലേക്ക് തിരിച്ചെത്തിക്കുന്നതിനുമുള്ള സഹകരണത്തിന് ഇരു നേതാക്കളും നന്ദി അറിയിച്ചു. ഫിലിപ്പൈൻസിലേക്ക് ആവശ്യമായ മരുന്നുൽപന്നങ്ങൾ എത്തിക്കുന്നതിൽ ഇന്ത്യ സ്വീകരിച്ച നടപടികൾക്ക് ഫിലിപ്പൈൻസ് പ്രസിഡന്റ് നന്ദി പറഞ്ഞു.

ഫിലിപ്പൈൻസിലെ കോവിഡിനെതിരേയോരെയുള്ള പോരാട്ടത്തിന് ഇന്ത്യ പിന്തുണ നൽകുന്നതിൽ പ്രതിജ്ഞാബദ്ധമാണെന്ന് പ്രസിഡന്റ് ഡ്യൂറ്റെർട്ടിയ്ക്ക് ഉറപ്പു നൽകി കൂടാതെ ന്യായമായ വിലയിൽ മരുന്നുകൾ ഉല്പാദിപ്പിക്കാൻ ഇന്ത്യയ്ക്ക് ശേഷിയുണ്ടെന്നും വാക്സിൻ കണ്ടെത്തുന്പോൾ അതും മാനവരാശിയുടെ നന്മയ്ക്കായി വിതരണം ചെയ്യുന്നതാണെന്നും പ്രധാനമന്ത്രി ഊന്നി പറഞ്ഞു.

പ്രതിരോധ സഹകരണമുൾപ്പടെയുള്ള ഉഭയ കക്ഷി ബന്ധത്തിന്റെ എല്ലാ മേഖലയിലും കഴിഞ്ഞ കുറച്ചു വർഷങ്ങളായുള്ള പുരോഗതിയിൽ ഇരു നേതാക്കളും സംതൃപ്തി അറിയിച്ചു. ഇൻഡോ പസഫിക് പ്രവിശ്യയിലെ ഒരു പ്രധാനപങ്കാളിയായാണ് ഫിലിപ്പൈൻസിനെ കാണുന്നതെന്നും പ്രധാനമന്ത്രി സൂചിപ്പിച്ചു.

വരാനിരിക്കുന്ന ദേശീയ ദിനത്തോടനുബന്ധിച്ച് പ്രസിഡണ്ട് ഡ്യൂറ്റെർട്ടിയ്കും ഫിലിപ്പീൻസിലെ ജനങ്ങൾക്കും പ്രധാനമന്ത്രി മോഡി ആശംസകൾ അറിയിച്ചു.

**ന്യൂ ഡൽഹി**
**09 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.